

# പ്രതിഷ്ഠയും പ്രതിജ്ഞയും

ഡോ. ജി. തളിയൻ

248.5
THA

# പ്രതിഷ്ഠയും പ്രതിജ്ഞയും

DHARMARAM COLLEGE
LIBRARY
BANGALORE-29

ACHARYA PALACKAL JEEVASS KENDRAM
LIBRARY
16320

ഡോ. ജി. തളിയൻ

Prathishttayum Prathinjayum
(Malayalam)

By
Dr. G. THALIAN

Published by :
Dr. G. THALIAN

M / 248.5
THA

Copyright :
Dr. G. THALIAN
Thaikkattukara, Alwaye - 6

Published :
30-6-1991

Printed at :
Suraj Printers,
Chengamanad - 683 578
Alwaye, Kerala State.

Price : Rs. 5-00

# തിരുമുമ്പിൽ

ബുദ്ധിയും ബോധവും ഉള്ള നമ്മൾ പലപ്പോഴും ബുദ്ധിപൂർവ്വമോ, ബോധപൂർവ്വമോ, അല്ല നമ്മുടെ പല ഭക്താനുഷ്ഠാനങ്ങളും നിർവ്വഹിക്കുന്നതു്. അതുകൊണ്ടു് നമുക്കു് വേണ്ടത്ര പ്രയോജനം ലഭിക്കാതെ പോകുന്നു. കുടുംബജീവിതത്തിന്റെ വിജയത്തിനാവശ്യമായ, വീടു പ്രതിഷ്ഠ (വെഞ്ചിരിപ്പു്), തിരുഹൃദയപ്രതിഷ്ഠ എന്നീ കർമ്മങ്ങളെങ്കിലും ഫലപ്രദമായി നിർവ്വഹിക്കുന്നതിനു് വേണ്ട ചില അടിസ്ഥാനതത്വങ്ങളും മാർഗ്ഗദർശനങ്ങളും അടങ്ങുന്നതാണു് ഈ കൊച്ചു പുസ്തകം. ക്രൈസ്തവ വിവാഹം, കുടുംബം, ഭർത്താവു്, ഭാര്യ, അപ്പൻ, അമ്മ, മക്കൾ, കുടുംബത്തിൽ ഇവരുടെ സ്ഥാനം, പരസ്പര ബന്ധം, കടമകൾ, എന്നിവയെപ്പററി ചുരുക്കമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്.

ഈ പുസ്തകം ഒരാവർത്തിയെങ്കിലും മനസ്സിരുത്തി വായിച്ചു് ഗ്രഹിച്ചുകൊണ്ടു് ഈ കർമ്മങ്ങൾ അനുഷ്ഠിക്കുകയാണെങ്കിൽ, നമ്മുടെ ക്രൈസ്തവ — കത്തോലിക്കാ — കുടുംബജീവിതം വളരെയേറെ മെച്ചമായിത്തീരും.

പുതുതായി വീടുപ്രതിഷ്ഠിക്കുന്നവർക്കും (വെഞ്ചിരിപ്പു്) തിരുഹൃദയപ്രതിഷ്ഠ നടത്തുന്നവക്കും ഇതു് ആണ്ടുതോറും ആവർത്തിച്ചു് പുതുക്കുന്നവർക്കുംവേണ്ടി ഈ പുസ്തകം സമർപ്പിക്കുന്നു.

വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഈ പുസ്തകത്തിന്റെ മുദ്രണം ഭംഗിയായി നിർവ്വഹിച്ചുതന്ന ചെങ്ങമനാടു് 'സൂരജ്' പ്രസ്സുടമയ്ക്കും പ്രവത്തകക്കും നന്ദി.

തായിക്കാട്ടുകര, **ഡോ: ജി. തളിയൻ**

**30-6-1991.**

"ഹൃദയത്തിൽ പ്രതിഷ്ഠ
മനസ്സിൽ തീരുമാനം
ജീവിതത്തിൽ നിഷ്ഠ
കടുംബത്തിൽ അനുഷ്ഠാനം"

# ക്രൈസ്തവ കുടുംബം

## പുരുഷനും സ്ത്രീയും

"ആദിയിലഖിലേശൻ
നരനെ സൃഷ്ടിച്ചു:
അവനൊരു സഖിയുണ്ടായ്,
അവനൊരു തുണയുണ്ടായ്".

(വിവാഹത്തിന്റെ പുതിയ തിരുക്കർമ്മവിധിയിൽനിന്നും)

## കുടുംബം

ദൈവം മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. തൻെറ സൃഷ്ടികർമ്മത്തിൽ തന്നോടുകൂടെ പങ്കുചേരുന്നതിനു വേണ്ടി പുരുഷനെ സ്ത്രീയിലും, സ്ത്രീയെ പുരുഷനിലും ആകൃഷ്ടരാക്കുകയും, വിവാഹത്തിൽ അവരെ ബന്ധിതരാക്കുകയും ചെയ്തു. ഈ ഭൂമിയിൽവച്ച് ഒരിക്കലും പിരിയാത്ത ഈ ബന്ധം മരണത്തോളം നിലനിർത്തുന്നതിനു വേണ്ടി മനുഷ്യവംശത്തിൻെറതന്നെ അസ്ഥിവാരമായ കുടുംബത്തെ ദൈവം സ്ഥാപിച്ചു. ആകയാൽ, കുടുംബം മനുഷ്യനിർമ്മിതമല്ല; പ്രത്യുത ദൈവ സ്ഥാപിതമാണ്. അതുകൊണ്ട് ദൈവസ്ഥാപിതമായ കുടുംബം, മനുഷ്യനിർമ്മിതങ്ങളായ ഏതൊരു വലിയ സ്ഥാപനത്തേക്കാളും പരിശുദ്ധമാണ്. സ്ഥായിയാണ്. ദൈവത്തിൻെറ സൃഷ്ടികർമ്മത്തിൽ അനിർവ്വാര്യമാംവിധം പങ്കുചേരുന്നതുകൊണ്ട് കുടുംബം മനുഷ്യവംശത്തിൻെറ അസ്ഥിവാരമാണെന്നുള്ളതിലും സംശയമില്ല. അതിനാൽതന്നെ ഏററവും മൗലീകവുമാണ്.

## കുടുംബത്തിൽ സ്ത്രീയും പുരുഷനും

സ്ത്രീയും പുരുഷനും, ദൈവത്തിൻെറ നിശ്ചയപ്രകാരം ഭാര്യയും ഭർത്താവുമാകാതെ, ഒരു മേൽക്കൂരയ്ക്കു കീഴെ ഒരുമിച്ചു താമസിക്കുന്നതുകൊണ്ടുമാത്രം അതൊരു കുടുംബമാവുകയില്ല. നിയമാനുസൃതം വിവാഹബന്ധത്തിലേർപ്പെട്ടിട്ടുള്ള ഭാര്യയും ഭർത്താവും ഒരുമിച്ചു താമസിക്കുന്നയിടമാണ് കുടുംബം. അങ്ങനെയൊന്നിനു് കെട്ടുറപ്പുള്ള മണിമന്ദിരമോ അല്ലെങ്കിൽ ഏററവും കുറഞ്ഞതു് ഒരു കുടിലുപോലുമോ വേണമെന്നു് നിർബ്ബന്ധമില്ല. അതുകൂടാതെ, വൃക്ഷച്ചുവടുകളിലും പീടികത്തിണ്ണകളിലും മററും കഴിഞ്ഞുകൂടുന്നവർക്കും കുടുംബമാകാം. ചുരുക്കത്തിൽ, കുടുബത്തിന്റെ അടിസ്ഥാനഘടകങ്ങൾ നിയമാനുസൃതം വിവാഹിതരായ ഭാര്യയും ഭത്താവുമാണു്. കെട്ടിടവും മററു സൗകര്യങ്ങളും ആവശ്യമാണെങ്കിലും അനിർവ്വാര്യങ്ങളല്ല. അങ്ങനെയെങ്കിൽ, ഇതൊന്നും കൂടാതെ കുടുംബത്തിനു് നിലനിൽക്കാമെന്നുള്ളതു് വ്യക്തമാണു്. ഭാര്യയും ഭർത്താവുമായ സ്ത്രീയും പുരുഷനുമാണു് ഇതു നിലനിത്തുന്നതു്. ഏറെ ക്ലേശം സഹിച്ചിട്ടുവേണം അവക്കിതു നിലനിത്തുവാനും പ്രവത്തിക്കുവാനും. സാധാരണരീതിയിൽ ഇതു് അധികംപേക്കും സാദ്ധ്യമല്ല. കുറേപേർക്കു് സാധിച്ചാൽത്തന്നെ, ദൈവത്തിൻെറ ഇച്ഛയ്ക്കനുസരണം അവർക്കു് മെച്ചമായി പ്രവത്തിക്കുക തികച്ചും പ്രയാസമേറിയ കാര്യമാണു്. അതുകൊണ്ടു് ഏററവും ചുരുങ്ങിയ സൗകര്യങ്ങളോടുകൂടിയ ഒരു പാർപ്പിടമെങ്കിലും എല്ലാ കുടുംബങ്ങൾക്കും ഉണ്ടാകണം. ഇല്ലാത്തവരെ ഉള്ളവർ സഹായിക്കണം. എല്ലാവരുടേയും പിതാവായ ദൈവം ഇതാഗ്രഹിക്കുന്നു. മാത്രമല്ല, ദൈവം സ്ഥാപിച്ച കുടുംബത്തിനു് മെച്ചമായ

പ്രവർത്തനസാദ്ധ്യതയുണ്ടാക്കിക്കൊടുക്കുവാൻ കൂടുതൽ സുഖസൗകര്യങ്ങളുള്ളവർക്കു് കടമയുണ്ടു്. കാരണം, അവക്കു് കൂടുതൽ കൊടുത്തതു് ദൈവമാണു്.

## കുടുംബത്തിൽ ഭാര്യയും ഭർത്താവും

ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതും, പരസ്പരം ആകർഷണശക്തി നൽകിയതും പ്രായത്തിൻെറ പൂർണ്ണതയിൽ തൻെറ നിയമപ്രകാരം വിവാഹബന്ധത്തിലൂടെ സൃഷ്ടികർമ്മത്തിൽ അവർ തന്നോടു കൂടി സഹകരിക്കുന്നതിനാണല്ലോ. ഈ സഹകരണം നിലനിർത്തുന്നതിനും, ഇതിൽനിന്നും ഉണ്ടാകുന്ന മക്കളെ (സൃഷ്ടികളെ) ദൈവത്തിനും, തൻെറ സഭയ്ക്കും, രാജ്യത്തിനുംവേണ്ടി മെച്ചമായി വളർത്തുന്നതിനുംവേണ്ടിയാണല്ലോ ദൈവം കുടുംബത്തെ സ്ഥാപിച്ചിരിക്കുന്നതു്. അതുകൊണ്ടു് ഭാര്യാഭർത്താക്കന്മാർ, സൃഷ്ടികർമ്മത്തിൽ ദൈവത്തോടു് ഒരിക്കലും സഹകരിക്കാതെ ബോധപൂർവ്വം എന്നും ഭാര്യാഭർത്താക്കന്മാരായി മാത്രം കഴിയുകയാണെങ്കിൽ, അവർ എത്രയേറെ സൗകര്യമുള്ള കെട്ടിടത്തിൽ താമസിച്ചാലും അതൊരു പൂർണ്ണകുടുംബമാകുകയില്ല. പൂർണ്ണകുടുംബമാകണമെങ്കിൽ അവർ മാതാപിതാക്കന്മാരാകണം. ഒരുപക്ഷെ, ആകുന്നില്ലെങ്കിൽ അതു് അവരുടെ മനപൂർവ്വമായ കുററംകൊണ്ടാകരുതു്. പ്രകൃതിദത്തവും ശാരീരികവുമായ കാരണങ്ങൾകൊണ്ടാണെങ്കിൽ അതിനുത്തരവാദികൾ അവരല്ലല്ലോ. അതുകൊണ്ടു് അവരുടെ ഭാഗത്തുനിന്നും അവരുടെ കുടുംബത്തിനു് കുറവൊന്നും ഉണ്ടായിരിക്കുകയില്ല.

## കുടുംബത്തിൽ മാതാപിതാക്കന്മാർ

പ്രകൃതിദത്തവും മാനുഷികവുമായ ആവശ്യത്തിനും സന്തോഷത്തിനും സംതൃപ്തികൾക്കുംവേണ്ടി സ്ത്രീപുരുഷന്മാർ ഭാര്യാഭർത്താക്കന്മാരാകുന്നതിനും പ്രകൃതിയുടെ പ്രവർത്തന ഫലമായി അവർ സമയത്തിൻെറ പൂർണ്ണതയിൽ മാതാപിതാക്കന്മാരാകുന്നതിനുംവേണ്ടി മാത്രമല്ല ദൈവം കുടുംബം സ്ഥാപിച്ചതു്. ദൈവം കുടുംബത്തെ സ്ഥാപിച്ചതു്, പ്രഥമവും പ്രധാനവുമായി ഭാര്യാഭർത്താക്കന്മാരുടെ സ്നേഹവും ഐക്യവും നിലനിർത്തുന്നതിനും, ദൈവത്തിൻെറ ഹിതമനുസരിച്ചുള്ള അവരുടെ സഹകരണത്തിൻ്റെ പൂർണ്ണതയിൽ അവർ മാതാപിതാക്കന്മാരാകുമ്പോൾ, അവർക്കു ജനിക്കുന്ന കുഞ്ഞുങ്ങളെ നല്ലവരായി വളർത്തി അവർക്കുവേണ്ട വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകുന്നതിനുവേണ്ടിയാണു്. ആകയാൽ, മാതാപിതാക്കന്മാർ, കുടുംബത്തിൻെറ ഈ ലക്ഷ്യത്തിനനുസരണം, തങ്ങളുടെ കഴിവിലൊതുങ്ങിയതു ചെയ്യണം. അതായതു് മക്കൾക്കു് ഭക്ഷണത്തിനും വസ്ത്രത്തിനും പുറമേ അവർക്കു് വേണ്ട വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും, അതിലേറെ നല്ല ശിക്ഷണവും നൽകണം. മാതാപിതാക്കന്മാരുടെ ഈ കടമ വേണ്ടവിധം നിർവ്വഹിക്കാത്ത മാതാപിതാക്കന്മാരും അവരുടെ കുടുംബങ്ങളും ഈ ഉന്നത സ്ഥാനങ്ങൾക്കു് അർഹരല്ല.

## കത്തോലിക്കാ കുടുംബം

ഭാര്യാഭർത്താക്കന്മാർ ഉത്തമ കത്തോലിക്കരാണെങ്കിൽ അവർ ഉത്തമ മാതാപിതാക്കന്മാരാകുമെന്നുള്ളതിനു സംശയമില്ല. അവർ തങ്ങളുടെ മക്കളെ അവരേപ്പോലെ മാതൃ

കായോഗ്യരായ കത്തോലിക്കരായി വളത്തും. അതിനു വേണ്ടി അവർക്കു് ചെറുപ്പത്തിലേതന്നെ കത്തോലിക്കാ വിശ്വാസവും അതനുസരിച്ചു് പ്രവത്തിച്ചു് ജീവിക്കുന്ന തിനുള്ള പ്രചോദനവും പകന്നുകൊടുക്കും. കൂടാതെ തങ്ങളുടെ സാമ്പത്തികശേഷിക്കനുസരണമുള്ള വിദ്യാഭ്യാസവും അവക്കു് നൽകും. ശ്രേഷ്ഠമായ (ഡിഗ്രി) ക്ലാസ്സുകണക്കിനുള്ള വെറും പരീക്ഷായോഗ്യതകളേക്കാളധികം അവക്കു് സ്വാതന്ത്ര്യമായും സുഖമായും ജീവിക്കുന്നതിനുള്ള തൊഴിൽ പരിശീലനമാണു് നൽകേണ്ടതു്. ഇതു് വാക്കുകളിൽപറഞ്ഞു് പൂർത്തിയാക്കുവാൻ എളുപ്പം കഴിഞ്ഞു. പക്ഷേ, ചെയ്തു പൂർത്തിയാക്കുവാൻ ഏറെ ബുദ്ധിമുട്ടുണ്ടു്. എന്നാൽ ദൈവാനുഗ്രഹം യാചിച്ചുകൊണ്ടു്, ദൈവത്തിലാശ്രയിച്ചുകൊണ്ടു്, മാതാപിതാക്കന്മാർ തങ്ങളുടെ കഴിവിലൊതുങ്ങിയതെല്ലാം ആത്മാത്ഥതയോടും വിശ്വസ്ഥതയോടുംകൂടി ചെയ്താൽ ഇതത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. പിന്നെ, ഇതു കത്തോലിക്കാ മാതാപിതാക്കന്മാരുടെ ഏററവും വലിയ നേട്ടമായതുകൊണ്ടു് ഇതിന്റേതായ ബുദ്ധിമുട്ടുണ്ടാകുക സ്വാഭാവികമാണു്. ബുദ്ധിമുട്ടുകൂടാതെ കാതലായ ഒന്നും നേടുവാൻ ആക്കും സാദ്ധ്യമല്ലല്ലോ.

## മക്കൾ കത്തോലിക്കാ കുടുംബത്തിൽ

കത്തോലിക്കാ മാതാപിതാക്കന്മാർ തങ്ങളുടെ മക്കൾക്കു് ഭക്ഷണവും, വസ്ത്രവും മററു സംരക്ഷണവും നൽകുന്നതിനു പുറമെ ശരിയായ വിശ്വാസവും വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകണമെങ്കിൽ അവരെ തങ്ങളുടെ വിശ്വാസത്തിനനുസരണം നിസ്വാത്ഥമായും അർപ്പണബുദ്ധിയോടുംകൂടി സ്നേഹിക്കണം. അപ്പോൾ

മക്കളുടെ ഭാഗത്തുനിന്നു് സ്വാഭാവികമായും തങ്ങളുടെ മാതാപിതാക്കന്മാരെ തങ്ങളുടെ വിശ്വാസത്തിനനുസരണം നിർമ്മലമായും ത്യാഗസന്നദ്ധതയോടുംകൂടി സ്നേഹിക്കുക മാത്രമല്ല, ബഹുമാനിക്കുകയും അനുസരിക്കുകയും വേണം. എങ്കിൽ മാത്രമേ, അവരുടെ മാതാപിതാക്കന്മാരുടെ ആത്മാർത്ഥവും ശ്രമകരവുമായ പ്രയത്നം തങ്ങളിൽ പരിപൂർണ്ണമായി ഫലമണിയൂ.

## കത്തോലിക്കാ കുടുംബത്തിൽ ഐക്യവും വിധേയത്വവും

ഏതൊരു സ്ഥാപനവും ശരിക്കു നിലനിൽക്കുകയും, വിജയപ്രദമായി പ്രവർത്തിക്കുകയും ചെയ്യണമെങ്കിൽ അതിനു് ഒരു നാഥനുണ്ടായിരിക്കണം. ആ നാഥനെ മററുള്ളവർ ഭയത്തിൽ നിന്നെന്നതിനേക്കാൾ സ്നേഹത്തിലും പരസ്പരധാരണയിലും അനുസരിക്കണം. ഇതു് ഒരു കത്തോലിക്കാ കുടുംബത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ അന്വർത്ഥമാകണം. കാരണം നിർമ്മലമായ സ്നേഹവും അതിൽനിന്നും ഉത്ഭൂതമാകുന്ന വിധേയത്വവും ത്യാഗവുമാണല്ലോ കത്തോലിക്കാ മതത്തിൻെറതന്നെ സാരം. ഏകമനസ്സും അതനുസരിച്ചുള്ള ഐക്യവും പ്രവർത്തനങ്ങളുമാണു് ഒരു കത്തോലിക്കാ കുടുംബത്തെ വിജയത്തിലെത്തിക്കുന്നതു്. ആകയാൽ, കുടുംബനാഥനായ പിതാവും നാഥയായ മാതാവും സ്നേഹത്തിലും പരസ്പരധാരണയിലുംകൂടി പരിപൂർണ്ണമായ ഐക്യത്തിലും, കുടുംബനാഥനെന്ന നിലയിൽ ഭർത്താവിനോടു് ഭാര്യ സ്വന്തം ഉത്തരവാദിത്വത്തോടുകൂടിയ വിധേയത്വത്തിലും കഴിയണം. മക്കൾ കുടുംബനാഥയായ അമ്മയോടും, കുടുംബ

നാഥനായ അപ്പനോടും വിധേയത്വവും അനുസരണയുമു ള്ളവരായിരിക്കണം. കുടുംബനാഥനായ പിതാവിനു് കുടുംബനാഥയായ മാതാവിനേക്കാളേറെ ഉന്നതമായ സ്ഥാനവും ഉത്തരവാദിത്വവും ഉണ്ടെന്നുള്ള കാര്യം മക്കളും കുടുംബത്തിലെ മററംഗങ്ങളും പ്രത്യേകം ഓർമ്മിക്കേണ്ട തുണ്ടു്. അതനുസരിച്ചു് അവർ കുടുംബനാഥയായ അമ്മ യുടെ സ്ഥാനത്തേയും ഉത്തരവാദിത്വത്തേയും ഒട്ടും അവ ഗണിക്കാതെ അവസരത്തിനൊത്തു് പ്രവർത്തിക്കേണ്ടതു ണ്ടു്. ചുരുക്കത്തിൽ കുടുംബത്തിലെ എല്ലാ അംഗങ്ങളും പരസ്പര സ്നേഹത്തിലും, ധാരണയിലും, ഏകമനസ്സോ ടും ഏക ഹൃദയത്തോടുമെന്നതുപോലെ ഐക്യത്തിലും, കുടുംബനാഥനോടുള്ള (ഇല്ലെങ്കിൽ കുടുംബനാഥയോടു്) വിധേയത്വത്തിലും കഴിയണം.

## കത്തോലിക്കാ കുടുംബത്തിനു് ഒരു മാതൃക

നസ്രസ്സിലെ തിരുക്കുടുംബമാണു് കത്തോലിക്കാകു ടുംബത്തിനു് ഏററവും ഉന്നതമായ മാതൃക. അതുകൊ ണ്ടു് ആ കുടുംബനാഥൻെറ ദൈവതിരുമനസ്സിനോടുള്ള കീഴ്‌വഴക്കവും അദ്ധ്വാനശീലവും, ആ കുടുംബനാഥയുടെ ദൈവസ്നേഹവും, ഭർത്താവിനോടുള്ള വിധേയത്വവും ത്യാഗസന്നദ്ധതയും, ആ പുത്രൻെറ അനുസരണയും; ആ കുടുംബത്തിലെ ഐക്യവും പരിമിതമായ അളവിലെങ്കി ലും ഉണ്ടെങ്കിൽ, അതനുസരിച്ചു് ഓരോ കുടുംബവും കത്തോലിക്കാ കുടുംബമായിരിക്കും. ഓരോരുത്തരുടേയും അറിവും കഴിവും സാഹചര്യങ്ങളുമനുസരിച്ചു് അതെത്ര മാത്രം പൂർണ്ണമാക്കാമോ അത്രയും ആ കുടുംബം പൂർണ്ണമായ കത്തോലിക്കമാകും.

PALACKAL JEEVASS KENDRAM
LIBRARY
16320

# വീട്ടപ്രതിഷ്ഠ
## (വെഞ്ചിരിപ്പ്)

കുടുംബാംഗങ്ങളുടെ ഉത്തമ വിശ്വാസവും ആചാരവു മനുസരിച്ച് ഓരോ വീടും ഗൃഹപ്രവേശനത്തോടൊപ്പം തന്നെ ദൈവത്തിനു പ്രതിഷ്ഠിക്കുന്നത് ഉത്തമമാണ്. ദൈവാനുഗ്രഹത്തിനും ആത്മധൈര്യത്തിനും ഇതാവശ്യമാണ്. തക്കകാരണം ഉള്ളപ്പോഗം, സംശയവും ഭയവും മാററി കൂടുതൽ ആത്മധൈര്യത്തോടുകൂടി താമസിക്കുന്നതിന് മററവസരങ്ങളിലും വീട് വീണ്ടും പ്രതിഷ്ഠിക്കുന്നതു് (വെഞ്ചിരിപ്പ്) നന്നായിരിക്കും. ഇങ്ങനെയുള്ള അവസരങ്ങളിൽ കുടുംബനാഥനും കുടുംബാംഗങ്ങൾക്കും ഉത്തമ വിശ്വാസമുള്ള ഏതു വൈദീകനെയും ക്ഷണിക്കുന്നതിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതു് കൂടുതൽ പ്രയോജനപ്രദമാണ്. എന്നാൽ സ്ഥലത്തെ വികാരിയച്ചൻെറ അറിവോടും സമ്മതത്തോടും പരസ്പരധാരണയോടുംകൂടിയായിരിക്കണം, ഇതു് നിർവ്വഹിക്കുക. പുറമെനിന്നും ഒരച്ചനും തക്കകാരണംകൂടാതെയും കുടുംബത്തിൻെറ ഉപരിനന്മ ലക്ഷ്യമാക്കാതെയും, വികാരിയച്ചൻമായി പരസ്പരധാരണയില്ലാതെയും ഈ ദൗത്യം നിർവ്വഹിച്ചുകൂടാത്തതാണ്. തെററിദ്ധാരണയും അന്ധവിശ്വാസത്തിന് പ്രോത്സാഹനവും ഉളവാക്കുന്ന സാഹചര്യത്തിൽ ഇതു് ഒരിക്കലും ചെയ്തുകൂടാത്തതാണ്. സ്ഥലത്തെ വികാരിയച്ചനും പുറമെയുള്ള ബഹു. അച്ചന്മാരും ഇക്കാര്യത്തിൽ തികഞ്ഞ സഹിഷ്ണതയും സഹകരണവും കാണിച്ച് കഷ്ടപ്പെടുന്നവരെ നേരായ ഏതു മാർഗ്ഗത്തിലൂടെയും സഹായിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സഹിഷ്ണതയും സഹകരണവും കാ

ണിക്കാത്ത വികാരിമാർ വാസ്തവത്തിൽ തൻെറ ജനങ്ങളെ സഹായിക്കുകയല്ല, കൂടുതൽ തെററിദ്ധാരണകളിലേയ്ക്കും അന്ധവിശ്വാസത്തിലേയ്ക്കും കഷ്ടപ്പാടുകളിലേക്കും തള്ളിയിട്ടുകൊണ്ടു് ഫലത്തിൽ ഉപദ്രവിക്കയായിരിക്കും ചെയ്യുന്നതു്. മനുഷ്യരുടെ വിശ്വാസത്തെ എപ്പോഴും എല്ലാക്കാര്യങ്ങളിലും ഔദ്യോഗികാധികാരത്തിൽ മാത്രം ഒതുക്കി നിത്താനാവില്ലല്ലൊ.

വീടു് പ്രതിഷ്ഠിക്കുക എന്നാൽ ആ കുടുംബാംഗങ്ങളുടെ (ഹൃദയവും മനസ്സും) ദൈവത്തിനു് പ്രതിഷ്ഠിക്കുക എന്നാണു്. ദൈവപ്രമാണങ്ങളനുസരിച്ചു് തങ്ങരം ജീവിച്ചുകൊള്ളാമെന്നുള്ള ഒരു വാഗ്ദാനമാണിതു്. അതനുസരിച്ചുള്ള ജീവിതമാണു് ഈ പ്രതിഷ്ഠയുടെ യഥാത്ഥഫലം. ഇതാണു് പ്രതിഷ്ഠകൊണ്ടു നടക്കേണ്ടതു്. അല്ലാതെ ഇതു് വെറുമൊരു 'കമ്മമോ' സാമൂഹ്യാചാരമോ സ്വന്തം തൃപ്തിയോ മാത്രമല്ല; പ്രത്യുത, ഇവയൊക്കെക്കാളുപരി ഒരു യജ്ഞത്തിൻെറ ആരംഭമാണു്. വീടിൻെറ കല്ലോ മരമൊ മററതുപോലുള്ള ഏതൊരു ഭാഗവുമല്ല ദൈവത്തിനു് പ്രതിഷ്ഠിക്കുന്നതു്. അവയെല്ലാം അസ്ഥിതവംകൊണ്ടുതന്നെ ദൈവത്തിനു് പ്രതിഷ്ഠിതങ്ങളാണു്. വീട്ടിൽ താമസിക്കുന്ന കുടുംബാംഗങ്ങളായ മനുഷ്യർക്കാണു് പ്രതിഷ്ഠയുടെ ആവശ്യം. അവരാണു് സ്വയം പ്രതിഷ്ഠിക്കേണ്ടതു്.

# ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠ

നമ്മുടെ വീടുകളും ഒന്നിലധികംപ്രാവശ്യം വെഞ്ചിരിച്ചിട്ടുള്ളതാണ് — പ്രതിഷ്ഠിച്ചിട്ടുള്ളതാണ്. ഈ പ്രതിഷ്ഠ വർഷത്തിലൊരിക്കൽ പുതുക്കുന്നതു് അനുഗ്രഹപ്രദമാണ്. ഒരു വർഷത്തിൽതന്നെ ഒന്നിലധികം പ്രാവശ്യം പുതുക്കുന്നതും നല്ലതാണ്. ഫലദായകമാണ്. എന്നാൽ ഈ പുതുക്കൽ നമ്മുടെ മനസ്സിലും ഹൃദയത്തിലും തുടർന്നുള്ള നമ്മുടെ ജീവിതത്തിലും നടക്കണം. എങ്കിൽ മാത്രമേ, ഈ 'പ്രതിഷ്ഠ'കൊണ്ടും 'പുതുക്കൽ'കൊണ്ടും 'ആവർത്തനം' കൊണ്ടും നാം ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കുകയുള്ളൂ.

തിരുഹൃദയ പ്രതിഷ്ഠയുടെയും അർത്ഥവും ലക്ഷ്യവും ഇതുതന്നെയാണ്. അതായതു് നാം നമ്മളെതന്നെ— നമ്മുടെ ഹൃദയവും മനസ്സും ആത്മാവും ഈശോയുടെ തിരുഹൃദയത്തിനു് സമർപ്പിക്കുന്നു. ഇതു് നാം നമ്മുടെ കുടുംബത്തിൽ, കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചു നടത്തുമ്പോൾ നമ്മുടെ ഓരോരുത്തരുടേയും മനസ്സിനും ഹൃദയത്തിനും ആത്മാവിനും എന്നതിനെക്കാളധികം നമുക്കു് എല്ലാവർക്കും നമ്മുടെ കുടുംബത്തിനും നമ്മുടെ എല്ലാ കുടുംബങ്ങൾക്കും നന്മയുണ്ടാകും. നമ്മെ ഇഹത്തിലും പരത്തിലും അത്യധികം സ്നേഹിക്കുന്ന ഈശോയുടെ തിരുഹൃദയത്തിൽ നാം എത്രയേറെ വിശ്വാസം അർപ്പിച്ചുകൊണ്ടു് നാം തമ്മിൽ തമ്മിൽ ആത്മാർത്ഥമായ സ്നേഹത്തിലും ഐക്യത്തിലും ഹൃദയനൈർമ്മല്യത്തിലും ഇതു നിർവ്വഹിക്കുന്നുവോ അത്രയേറെ അനുഗ്രഹദായകമായിരിക്കും ഈ

പ്രതിഷ്ഠ. തിരുഹൃദയ പ്രതിഷ്ഠ യഥാർത്ഥത്തിൽ നിർവ്വഹിക്കേണ്ടതു് കുടുംബനാഥനും നാഥയും കുടുംബാംഗങ്ങളുമാണ്. അവരെ അത്യധികം സ്നേഹിക്കുന്ന ഒരു ഹൃദയത്തിനാണവർ തങ്ങളെതന്നെ മുഴവനായി പ്രതിഷ്ഠിക്കുന്നതു്. മനുഷ്യനായ ദൈവത്തിൻെറ സർവ്വശക്തിയുള്ള അനന്തസ്നേഹത്തിന്റെ മുമ്പിലാണവരുടെ സമപ്പ്ണം. അപ്പോഠം അവരുടെ സമർപ്പണം പൂർണ്ണമാകണമെങ്കിൽ അവർ തമ്മിൽ തമ്മിലുള്ള സ്നേഹവും ഐക്യവും സമാധാനവും കൂടുതൽ കൂടുതൽ ദൃഢതരമായിരിക്കണം. അതിനുവേണ്ട വിശ്വാസവും നല്ല മനസ്സും ത്യാഗസന്നദ്ധതയും അവർക്കുണ്ടാകണം. അവരുടെ ബാഹ്യമായ പ്രതിഷ്ഠ ആന്തരീകമായി അവരുടെ പ്രതിഷ്ഠയുടെയും പ്രതിജ്ഞയുടെയും യഥാർത്ഥ അടയാളമായിരിക്കണം. മാത്രമല്ല അതിൻെറ ആരംഭംകൂടിയായിരിക്കണം. നിരന്തര പരിശ്രമത്തിൻെറ ഇടമുറിയാത്ത പ്രവാഹമായിരിക്കണം. സർവ്വോപരി ഒരു തീവ്രയജ്ഞമായിരിക്കണം.

## ഒരു ദിവസം—ഒരു സമയം—ഒരു പ്രതിഷ്ഠ ഏകസ്വരത്തിൽ

ഒരു പ്രദേശത്തുള്ള ദൈവജനം മുഴവനും റീത്തു്-ഇടവക-ഗ്രൂപ്പ്-വ്യത്യാസമില്ലാതെ ഒരു ദിവസം ഒരു സമയത്തു അവരവരുടെ വീടുകളിൽ ഈശോയുടെ തിരുഹൃദയത്തിൻെറ ചിത്രങ്ങളുടെ മുമ്പിൽ കുടുംബാംഗങ്ങഠം എല്ലാവരും ഒന്നിച്ചുകൂടി, ഇടവക ദേവാലയങ്ങളിൽ തിരുഹൃദയരൂപങ്ങളുടെയും സക്രാരികളുടെയും മുമ്പിൽ മുട്ടുകുത്തിനിൽക്കുന്ന തങ്ങളുടെ ഇടയന്മാരോടൊപ്പം തങ്ങളെ മുഴവനും ഒരേ സ്വരത്തിൽ പരസ്യമായി ഈശോയുടെ തിരു

ഹൃദയത്തിനു സമർപ്പിക്കുമ്പോൾ അവരുടെ ഹൃദയങ്ങൾ മുഴുവനും ദൈവത്തിൻെറ സന്നിധിയിലേക്കു ഉയരുകയും ദൈവം താഴോട്ടിറങ്ങി അവരുടെ ഹൃദയങ്ങളിലേക്കിറങ്ങുകയും ചെയ്യുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഇതു പരസ്പരം അറിയാനും അറിയിക്കാനും പള്ളികളിൽ മണിമുഴങ്ങുകയും വെടികൾ പൊട്ടുകയും വീടുകളിൽ ഇടമുറിയാതെ പടക്കങ്ങൾ മുഴങ്ങുകയും ചെയ്യുമ്പോൾ നാടു മുഴുവനും ഉണരും. നാട്ടുകാർ ജാതി-മതഭേദമെന്യേ, ഈ മഹാസംഭവത്തിനു് സാക്ഷികളാവുകയും അലൗകികമായ ഒരു അനുഭൂതിയിൽ അവരറിയാതെതന്നെ അകപ്പെട്ടുകയും ചെയ്യും. പരസ്പരം അറിയാതെയും അംഗീകരിക്കാതെയും ഒററപ്പെട്ടു കഴിയുന്നവരും ശത്രുക്കൾതന്നെയും പരസ്പരം അറിയുന്നതിനും അംഗീകരിക്കുന്നതിനും രമ്യപ്പെടുന്നതിനുള്ള ഒരാഹ്വാനംകൂടിയായിരിക്കും ഇതു്. എല്ലാവരിലും ഉടനെ ഇതു് ഫലം ഉളവാക്കിയില്ലെങ്കിൽ തന്നെ സമയത്തിൻെറ പൂർണ്ണതയിൽ ഒരു തരത്തിൽ അല്ലെങ്കിൽ മറെറാരു തരത്തിൽ ഫലം ഉളവാക്കുമെന്നുള്ളതിൽ സംശയമില്ല.

വെടിയും പടക്കവും മണിമുഴക്കവും കൊടിയുടെ കൂട്ടവും തിരുഹൃദയ പ്രതിഷ്ഠയുടെ പ്രതിധ്വനി മാത്രമാണെന്നു് നാം മനസ്സിലാക്കണം. മനുഷ്യമനസ്സുകളുടെ വിശ്വാസപ്രഖ്യാപനങ്ങളുടെ ബാഹ്യപ്രകടനം മാത്രമാണു്. മനുഷ്യഹൃദയങ്ങളുടെ മറക്കാത്തതും മായാത്തതുമായ മർമ്മരശബ്ദം കൂടിയാണിതു്.

# കുടുംബപ്രതിഷ്ഠ

**കുടുംബനായകൻ:** ഈശോയുടെ തിരുഹൃദയമേ, (എല്ലാവരുംകൂടി) ഈ കുടുംബത്തെയും/ഞങ്ങളെ ഓരോരുത്തരെയും/ഞങ്ങൾ അങ്ങേയ്ക്കു പ്രതിഷ്ഠിക്കുന്നു. ഞങ്ങളുടെ ഈ കുടുംബത്തിൽ/അങ്ങു രാജാവായി വാഴണമേ. ഞങ്ങളുടെ പ്രവൃത്തികളെല്ലാം/അങ്ങുതന്നെ നിയന്ത്രിക്കണമേ. ഞങ്ങളുടെ ഉദ്യമങ്ങളെല്ലാം/ആശീർവ്വദിക്കയും/ഞങ്ങളുടെ സന്തോഷങ്ങൾ വിശുദ്ധീകരിക്കയും / സങ്കടങ്ങളിൽ ആശ്വാസം നൽകുകയും ചെയ്യണമേ. ഞങ്ങളിൽ ആരെങ്കിലും അങ്ങയെ ഉപദ്രവിക്കുവാനിടയായാൽ / ഞങ്ങളോടു ക്ഷമിക്കണമേ. ഈ കുടുംബത്തിലുള്ളവരെയും/ഇവിടെ നിന്നു് അകന്നിരിക്കുന്നവരെയും/സമൃദ്ധമായി അനുഗ്രഹിക്കണമേ. (മരിച്ചുപോയ ഞങ്ങളുടെ കുടുംബാംഗങ്ങളെ/ നിത്യഭാഗ്യത്തിലേയ്ക്കു പ്രവേശിപ്പിക്കണമേ.) അങ്ങയെ കണ്ടാനന്ദിക്കുവാൻ/ സ്വർഗ്ഗത്തിലെത്തുന്നതുവരെ/ആത്മികവും ശാരീരികവുമായ/എല്ലാ വിപത്തുക്കളിലും നിന്നു്/ ഞങ്ങളെ കാത്തുകൊള്ളണമേ.

മറിയത്തിൻെറ വിമലഹൃദയവും/മാർ യൗസേപ്പു പിതാവും/ഞങ്ങളുടെ പ്രതിഷ്ഠയെ/അങ്ങേയ്ക്കു സമർപ്പിക്കയും/ ജീവിതകാലം മുഴുവനും ഇതിന്റെ സജീവസ്മരണ/ഞങ്ങളിൽ നിലനിർത്തുകയും ചെയ്യട്ടെ.

ഈശോയുടെ തിരുഹൃദയമേ/ഞങ്ങളെ അനുഗ്രഹിക്കണമേ.

മറിയത്തിൻെറ വിമലഹൃദയമേ / ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

വിശുദ്ധ യൗസേപ്പേ / ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

വിശുദ്ധ മർഗ്ഗരീത്താ മറിയമേ/ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

# തിരുഹൃദയ പ്രതിഷ്ഠയുടെ പത്തു പ്രമാണങ്ങൾ

1. കുടുംബത്തിന്റെ അദൃശ്യനാഥൻ ക്രിസ്തുവാണ്.

2. ദൃശ്യനാഥൻ കുടുംബനാഥനോ നാഥയോ ആണ്.

3. കുടുംബാംഗങ്ങൾ ക്രിസ്തുവിലും തങ്ങളുടെ മാതാപിതാക്കന്മാരിലും ഒന്നാണ്

4. കുടുംബാംഗങ്ങൾ ഈശോയുടെ തിരുഹൃദയത്തിൽ ഒന്നായിരിക്കുന്നതുപോലെ തമ്മിൽ തമ്മിലും ഒന്നായിരിക്കണം.

5. കുടുംബാംഗങ്ങൾ തങ്ങൾക്കുപരി മാതാപിതാക്കന്മാരും അവർക്കുപരി ദൈവവും ഉണ്ടെന്നോർത്ത് കുടുംബത്തിൽ താമസിക്കണം, പ്രവർത്തിക്കണം, ജീവിക്കണം. അദൃശ്യനായ ക്രിസ്തുവിനെ കണ്ടുകൊണ്ടും കേട്ടുകൊണ്ടും കുടുംബാംഗങ്ങൾ കുടുംബത്തിൽ പെരുമാറണം.

6. ഹൃദയഎളിമയും ശാന്തതയും ഉള്ള ഈശോക്കു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള കുടുംബത്തിൽ വാശിക്കും വഴക്കിനും വക്കാണത്തിനും സ്ഥാനമില്ല. ക്ഷമയ്ക്കും വീണ്ടുവിചാരത്തിനും വിട്ടുവീഴ്ചയ്ക്കും സമാധാനത്തിനും മാത്രമേ സ്ഥാനമുള്ളു.

7. കുടുംബനാഥനും നാഥയും തങ്ങൾക്കു മുകളിൽ ഒരു നാഥനുണ്ടെന്നോർത്ത് കുടുംബാംഗങ്ങളോടു പെരുമാറണം.

8. ക്രൈസ്തവ – കത്തോലിക്കാ – പ്രതിഷ്ഠിത – കുടുംബ ത്തിനുയോജിക്കാത്തതൊന്നും കുടുംബത്തിൽ പറയു കയോ പ്രവർത്തിക്കുകയോ അരുത്.

9. ഈശോയോടും—തിരുഹൃദയത്തോടും — യാത്രചോ ദിച്ചിട്ട് (സ്വന്തം മനസ്സിൽ എങ്കിലും) കുടുംബ ത്തിൽനിന്നും ഇറങ്ങിപ്പോവുകയും തിരിച്ചുവരിക യും ചെയ്യുക.

10. ഒരു ദിവസം—ഒരു സമയത്ത്—സ്വന്തം കുടുംബ ത്തിൽനിന്നും കുടുംബാംഗങ്ങളിൽനിന്നും വസ്തുവക കളിൽനിന്നും, പിന്നീടൊരിക്കലും തിരിച്ചുവരാ ത്തവിധം ഇറങ്ങിപ്പോവുമെന്നോർത്ത് കുടുംബ ത്തിൽ ജീവിക്കുക.

## നല്ല വീടിനു് പത്തു പ്രമാണങ്ങൾ

1. സ്വന്തം സ്ഥലത്തു്, കഴിയുന്നതും നല്ല സ്ഥാനത്തു് കാററും വെളിച്ചവും, അടുത്തു് കുടിവെള്ളം കൂടുതൽ ലഭിക്കുന്നിടത്തു്-സ്വന്തം കഴിവനുസരിച്ചു്-കെട്ടുറപ്പുള്ളതും ഭംഗിയുള്ളതും കൂടുതൽ സൗകര്യങ്ങളുള്ളതുമായ ഒരു വീടുണ്ടാക്കുക.

2. വീടിൻെറ കെട്ടുറപ്പു്, സുഖസൗകര്യങ്ങൾ, ആകർഷണീയത എന്നിവയെക്കാളധികം വീടിൻെറ വിശേഷത, കുടുംബാംഗങ്ങളുടെ തമ്മിൽ തമ്മിലുള്ള സ്നേഹം, ഐക്യം, സമാധാനം, സന്തോഷം എന്നിവയാണെന്നു മനസ്സിലാക്കി അതിനുവേണ്ടി കുടുംബാംഗങ്ങൾ കൂടുതൽ പരിശ്രമിക്കുകയും ത്യാഗം അനുഷ്ഠിക്കുകയും ചെയ്യുക.

3. വീടിൻെറ യഥാർത്ഥസമ്പത്തും വിലയും വിജയവും കുടുംബാംഗങ്ങളുടെ ഉറച്ച ദൈവവിശ്വാസവും അതനുസരിച്ചു് ജീവിക്കുവാനുള്ള കുടുംബാംഗങ്ങളുടെ തനിച്ചും ഒന്നിച്ചുമുള്ള നിരന്തരമായ പരിശ്രമവുമാണെന്നു് മനസ്സിലാക്കുക.

4. കുടുംബാംഗങ്ങളുടെ വിജ്ഞാനവും വിശുദ്ധിയും കഠിനാദ്ധ്വാനവും വീടിനു് വിജയം ഉറപ്പുവരുത്തുന്നു.

5. ഏഷണി – ദൂഷണ – പരപീഡന – സംസാരവും പ്രവൃത്തിയും വീടിനകത്തും പുറത്തും കുടുംബാംഗങ്ങൾ വർജ്ജിക്കുക.

6. വീടിനകത്തു് എന്തിനും ഏതിനും എവിടെയും എപ്പോഴും അതാതിൻെറ സ്ഥാനം ഉണ്ടായിരിക്കണം.

7. വീടും പരിസരവും എന്നും വൃത്തിയായും ആകർഷണീയമായും കാത്തുസൂക്ഷിക്കണം.

8. ഭക്ഷണത്തിനും ശരീരാഭ്യാസനത്തിനും വായനക്കും പഠനത്തിനും വിശ്രമത്തിനും പ്രാർത്ഥനയ്ക്കും അനുദിനം ആവുന്നിടത്തോളം ക്രമവും ചിട്ടയും പാലിക്കുക.

9. വീട്ടിൽ ഒന്നിച്ചു താമസിക്കുന്ന കുടുംബാംഗങ്ങൾ ദിവസത്തിൽ ഒരിക്കലെങ്കിലും ഒന്നിച്ചുകൂടി പരസ്പരം ആശയവിനിമയം ചെയ്യുന്നതും സുഖദു:ഖങ്ങൾ ആവുന്നിടത്തോളം പങ്കുവയ്ക്കുന്നതും വീടിൻെറ എല്ലാവിധത്തിലുമുള്ള പുരോഗതിക്കും ശ്രേയസ്സിനും ആവശ്യമാണു്.

10. കുടുംബാംഗങ്ങൾ അറിഞ്ഞോ, അറിയാതെയോ ചെയ്യുന്ന കുററങ്ങൾക്കും, അവയ്ക്കുണ്ടാകുന്ന അനിർവ്വാര്യങ്ങളായ ശിക്ഷകൾക്കും മററു പരാജയങ്ങൾക്കും അവക്കുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും അപകടങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും സ്വന്തം വിധിയെയോ, വീടിനെയോ, പഴിചാരി സ്വന്തം ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറാതെ അവർ തങ്ങളുടെ കുററങ്ങളും കുറവുകളും സ്വയം കണ്ടുപിടിച്ചു തിരുത്തി വിജയം കൈവരിക്കുക.

# കുടുംബപ്രാത്ഥന

## (കുടുംബനാഥനും കുടുംബാംഗങ്ങളും മററുള്ളവരുംചേർന്നു് ചൊല്ലുന്നു)

നല്ലവനായ ദൈവമേ, ഞങ്ങളെ ഓരോരുത്തരെയും ഞങ്ങളെ മുഴുവനായും ഞങ്ങളുടെ ഈ കുടുംബത്തേയും ഞങ്ങൾ അങ്ങേക്കു സ്വയം സമർപ്പിക്കുന്നു. ഞങ്ങളുടെ ശരീരത്തെ രോഗങ്ങളിൽനിന്നും മനസ്സിനെ അസ്വസ്ഥതയിൽനിന്നും ആത്മാവിനെ പാപത്തിൽനിന്നും അതിൻെറ കഠിനമായ ശിക്ഷയിൽ നിന്നും മോചിപ്പിക്കണമേ. തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നും പരസ്പരം കുററങ്ങളും കുറവുകളും ക്ഷമിക്കണമെന്നും സഹായിക്കണമെന്നും അങ്ങ് ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ടല്ലൊ. അങ്ങ് ഞങ്ങളെ പഠിപ്പിച്ചതനുസരിച്ചു് ഞങ്ങൾ മുമ്പു്തന്നെ ഞങ്ങളുടെ ഈ കുടുംബത്തിൽ പരസ്പരം സ്നേഹിച്ചുകൊള്ളാം. കുററങ്ങളും കുറവുകളും ക്ഷമിച്ചുകൊള്ളാം. പരസ്പരം സഹായിച്ചുകൊള്ളാം.

ഞങ്ങളുടെ അയൽക്കാരെയും പുറത്തുള്ളവരെയും ഞങ്ങൾ സ്നേഹിച്ചുകൊള്ളാം. അവരുടെ കുററങ്ങളും കുറവുകളും ഞങ്ങൾ ക്ഷമിച്ചുകൊള്ളാം. ഞങ്ങളുടെ പാടുപോലെ അവരെയും ഞങ്ങൾ സഹായിച്ചുകൊള്ളാം.

കാരുണ്യവാനായ ദൈവമേ, ഞങ്ങളുടെ കുററങ്ങളും കുറവുകളും ഞങ്ങൾ ഏററുപറയുന്നു. ഞങ്ങൾ അവയെപ്പററി പശ്ചാത്തപിക്കുന്നു. അങ്ങയോടു മാപ്പുചോദിക്കുന്നു. ഞങ്ങളോടു ക്ഷമിച്ച് ഞങ്ങളെ അനുഗ്രഹിക്കണമേ.

പുറത്തുള്ളവരോടും ഞങ്ങൾ ചെയ്തുപോയിട്ടുള്ള കുററങ്ങൾ ഞങ്ങൾ അങ്ങയോട് ഏററുപറയുന്നു. ഞങ്ങൾ അവയെപ്പററി ദുഃഖിക്കുന്നു. ഞങ്ങളോടു ക്ഷമിക്കേണമേ. അവർ ഞങ്ങളോടു ചെയ്തുപോയിട്ടുള്ള കുററങ്ങൾ ഞങ്ങൾ അവരോടു ക്ഷമിക്കുന്നു. അങ്ങ് അവരോട് ക്ഷമിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യണമേ.

നീതിമാനായ ദൈവമേ, ഞങ്ങൾ ഞങ്ങളുടെ കഴിവുപോലെ അദ്ധ്വാനിക്കണമെന്ന് അങ്ങ് ഞങ്ങളോട് കല്പിച്ചിട്ടുണ്ടല്ലോ. അങ്ങയുടെ കല്പനയനുസരിച്ച് ഞങ്ങൾ ശരീരംകൊണ്ടും മനസ്സുകൊണ്ടും അദ്ധ്വാനിക്കുന്നു. ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ അദ്ധ്വാനത്തിന്റെ ഫലം അനുഭവിക്കാൻ ഞങ്ങൾക്കും ഞങ്ങളുടെ കുഞ്ഞുങ്ങൾക്കും ഭാഗ്യം നൽകണമേ.

ശിശുക്കളുടെ സ്നേഹിതനും സംരക്ഷകനുമായ യേശുനാഥ, ഞങ്ങളുടെ കുഞ്ഞുങ്ങളുടെ ബുദ്ധിക്കു പ്രകാശവും ബോധത്തിന് വെളിവും നൽകി അവരെ അങ്ങ് നേർവഴിക്ക് നയിച്ചനുഗ്രഹിക്കണമേ.

പരമ പരിശുദ്ധനും സർവ്വജ്ഞനും സർവ്വശക്തനും അനന്ത പരിപാലകനുമായ ദൈവമേ, ബലഹീനരും പാപികളുമായ ഞങ്ങൾ വീണ്ടും അങ്ങയുടെ മുമ്പിൽ സ്വയം സമർപ്പിക്കുന്നു. ഞങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യണമേ. ഞങ്ങളുടെ

സത്യവിശ്വാസമനുസരിച്ച് നല്ല മനസ്സാക്ഷിയോടുകൂടി നിർമ്മലരായി ജീവിക്കാനും ഞങ്ങളുടെ ഈ കുടുംബത്തിൽ സത്യവും നീതിയും ധർമ്മവും നിലനിർത്തി യഥാർത്ഥ സമാധാനത്തിലും സന്തോഷത്തിലും സംതൃപ്തിയിലും അവസാനംവരെ നിലനിൽക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

നീതിമാനായ ദൈവമേ, ഞങ്ങളുടെ വിശ്വാസത്തിനും നല്ല മനസ്സാക്ഷിക്കും എതിരായിട്ടുണ്ടാകുന്ന പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള വിശ്വാസസ്ഥിരതയും ആത്മശക്തിയും ഞങ്ങൾക്ക നൽകണമേ. അങ്ങ് അയയ്ക്കുന്ന ക്ലേശങ്ങൾ, അതെന്തുതന്നെയായാലും ഉറച്ച വിശ്വാസത്തോടും ആത്മധൈര്യത്തോടും ത്യാഗസന്നദ്ധതയോടും കൂടി സ്വീകരിക്കാനുള്ള മനക്കരുത്ത് ഞങ്ങൾക്ക പ്രദാനം ചെയ്യണമേ.

നിസ്വാർത്ഥ സ്നേഹത്തിൻെറയും അനന്ത കാരുണ്യത്തിൻെറയും സംശുദ്ധമായ നീതിയുടെയും ഉറവിടമായ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ഞങ്ങളേയും ഞങ്ങളുടെ ഈ കുടുംബത്തേയും ഞങ്ങളുടെ ബന്ധുമിത്രാദികളേയും ഞങ്ങളുടെ അയൽക്കാരേയും ഞങ്ങളോടൊത്ത് സഹകരിക്കുകയും ഞങ്ങളെ സഹായിക്കുകയും ചെയ്യുന്ന എല്ലാവരേയും ആശീർവ്വദിച്ചനുഗ്രഹിക്കണമേ.

RAL JEEVASS KENDRAM
LIBRARY
16320